2588
9/3/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-7.8.2013 ലെ സ.ഉ(പി)63/13/സാ.നീ.വ നമ്പർ ഉത്തരവിൽ തിരുവനന്തപുരം ജില്ലയിൽ ക്രമ നം.2 ആയി പേർ ചേർത്തിരിക്കുന്ന ശ്രീമതി.എസ്.ശാന്തകുമാരിയെ പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്)നം.12/15/സാ.നീതി.വ          തിരുവനന്തപുരം, തീയതി 2.3.2015

---

പരാമർശം- 1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവ്
3. 1.12.2014 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ H4-6744/14 നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 16.8.99 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി കെ.എസ്& എസ്.എസ്.ആർ ഭാഗം II, ചട്ടം 9(എ) (i) പ്രകാരം നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കിയ ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചും ടി ജീവനക്കാർ സർവ്വീസിൽ നിന്നും പെൻഷൻ ആയി പിരിഞ്ഞു പോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാവുന്ന തരത്തിൽ ടി ഉദ്യോഗാർത്ഥികൾക്ക് ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം ഉപയോഗിച്ച് സർവ്വീസിൽ പുനർ/റഗുലർ നിയമനം നൽകി ഉത്തരവായിരുന്നു.

2. പരാമർശം 2 ലെ ഉത്തരവു പ്രകാരം ശ്രീമതി.എസ്.ശാന്തകുമാരി, തിരുവനന്തപുരം ജില്ലയിലെ ലിസ്റ്റിൽ ക്രമ നം.2 ആയി സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ മാവേലി സ്റ്റോറിൽ ഹെൽപ്പർ തസ്തികയിൽ പുനർ/റഗുലർ നിയമനത്തിനായി ഉൾപ്പെടുത്തി.

3. ശ്രീമതി.ശാന്തകുമാരി ആരോഗ്യ വകുപ്പിൻ കീഴിൽ വർക്കല ഗവഃആശുപത്രിയിൽ നേഴ്സിംഗ് അസിസ്റ്റന്റായി ജോലി ചെയ്യുകയും 30.11.2013 ൽ വിരമിക്കുകയും ചെയ്തിരുന്നു. ടിയാൾ നിയമന നടപടികളുടെ ഭാഗമായി നടത്തിയ മെഡിക്കൽ സേവന രേഖകളുടെ പരിശോധനാ വേളയിൽ സ്ഥിരനിയമനം ലഭിച്ചുവെന്ന വസ്തുത മറച്ച് വച്ച് 17.8.2000 മുതൽ 11.2.2001 വരെ കാലയളവിൽ കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോറിൽ ഹെൽപ്പർ തസ്തികയിൽ താൽക്കാലിക സേവനമനുഷ്ഠിച്ചതിന്റെ വിടുതൽ സർട്ടിഫിക്കറ്റ് നൽകുകയാണുണ്ടായത്. ആയത് പ്രകാരം തയ്യാറാക്കിയ ലിസ്റ്റ് സർക്കാരിന് സമർപ്പിക്കുകയും തുടർന്ന് 7.8.2013 ലെ G.O(P)63/13/SJD ഉത്തരവ് പ്രകാരം ടിയാളുടെ പേര് തിരുവനന്തപുരം ജില്ലാ നിയമന ലിസ്റ്റിൽ ക്രമനമ്പർ 2 ആയി ഉൾപ്പെടുത്തി ഉത്തരവാകുകയും ചെയ്തു. ആയതിനാൽ 12 വർഷത്തോളം ഹെൽത്ത് സർവ്വീസിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വിരമിച്ച ശ്രീമതി.ശാന്തകുമാരിയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ മാവേലി സ്റ്റോറിൽ ഹെൽപ്പർ തസ്തികയിൽ സ്ഥിരനിയമനം നൽകാനുള്ള ഉത്തരവ് റദ്ദ് ചെയ്യാവുന്നതാണ് എന്ന് പരാമർശം 3 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 7.8.2013 ലെ. സ.ഉ(പി)63/13/സാ.നീ.വ നമ്പർ ഉത്തരവിൽ തിരുവനന്തപുരം ജില്ലയിൽ ക്രമ നം.2 ആയി പേർ ചേർത്ത് പുനർനിയമനത്തിന് അർഹയായ ശ്രീമതി.എസ്.ശാന്തകുമാരിയെ പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം 2 ലെ ഉത്തരവ് മേല്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ